A

GI 612

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016–17

## മലയാളം

ക്ലാസ്സ് : 6 — അടിസ്ഥാനപാഠാവലി — സമയം: 2 മണിക്കൂർ

### *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ പോയിന്റ് 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) പോയിന്റ് കണക്കാക്കണം. ഗ്രേഡ് നൽകണം (a/b/c/d/e).
3. എല്ലാ ചോദ്യങ്ങളുടെയും സ്കോർ പരിഗണിച്ച് ശതമാന പട്ടിക ഉപയോഗിച്ച് (A/B/C/D/E) ഓവറോൾ ഗ്രേഡ് നൽകണം. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.

**1. കഥാപാത്ര നിരൂപണം** 4

എ.
- അഗ്നിഹോത്രി എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ തിരിച്ചറിഞ്ഞ് എഴുതിയിട്ടുണ്ട്.
- കഥയിൽ കഥാപാത്രത്തിനുള്ള സ്ഥാനം തിരിച്ചറിഞ്ഞ് എഴുതിയിട്ടുണ്ട്.
- കഥയുടെ സാമൂഹ്യ പ്രസക്തി തിരിച്ചറിഞ്ഞ് സ്വന്തം നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി എഴുതിയിട്ടുണ്ട്.
- ആശയങ്ങൾ പൂർവ്വാപരബന്ധത്തോടെ ശക്തമായ ഭാഷയിൽ ഖണ്ഡികാകരണം നടത്തി എഴുതിയിട്ടുണ്ട്.

ബി. ശക്തി 1

**2. പ്രതികരണക്കുറിപ്പ്** 4

എ.
- പ്രതികരണം രൂപപ്പെടുത്താനുതകിയ പ്രസക്ത ആശയങ്ങൾ കണ്ടെത്തി അവതരിപ്പിച്ചിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങളും അഭിപ്രായങ്ങളും ആവശ്യമായ യുക്തിയും വിശദീകരണവും സഹിതം സമർത്ഥിച്ചിട്ടുണ്ട്.
- വാക്യഘടന, വാക്യവൈവിധ്യം എന്നിവ പാലിച്ച് ആശയവ്യക്തതയോടെ എഴുതിയിട്ടുണ്ട്.
- ആശയങ്ങൾ പൂർവ്വാപര ബന്ധത്തോടെ ഉചിതമായ ഭാഷയിൽ ഖണ്ഡികാകരണം നടത്തി എഴുതിയിട്ടുണ്ട്.

ബി. നെല്ലിന്റെ മണി 1

**3. പ്രസംഗം** 5

- പ്രമേയവുമായി ബന്ധപ്പെട്ട പരമാവധി വിവരങ്ങൾ ക്രമീകൃതമായി അവതരിപ്പിച്ചിട്ടുണ്ട്. (2)

- കേൾക്കുന്നവരോട് സംവദിക്കുന്ന തരത്തിലുള്ള ഭാഷ (ലളിതം, ഉദാഹരണങ്ങൾ, വിശകലന രീതി) ഉപയോഗിച്ചിട്ടുണ്ട്. (1)
- അഭിസംബോധന, കേന്ദ്രാശയങ്ങളിൽ നിന്ന് ഉപാശയങ്ങളിലേക്ക്, ഉപസംഹാരം - എന്ന ക്രമം പാലിച്ചിട്ടുണ്ട്. (1)
- സ്വന്തമായ അഭിപ്രായം, നിലപാട് എന്നിവ സ്ഥാപിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. (1)

4. **താരതമ്യക്കുറിപ്പ്** 5

എ. • താരതമ്യം ചെയ്യേണ്ട വിഷയത്തെ കുറിച്ചുള്ള നിലപാടുകൾ പരമാവധി ആശയങ്ങൾ സഹിതം എഴുതിയിട്ടുണ്ട്.

- താരതമ്യം ചെയ്ത് നിഗമനങ്ങൾ ശക്തമായി അവതരിപ്പിക്കുന്നതിന് അനുയോജ്യമായ ഭാഷ (ഘടന, സവിശേഷ പ്രയോഗങ്ങൾ, ശൈലി എന്നിവയുടെ ഉപയോഗം) പ്രയോഗിച്ചിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങളും നിലാപാടുകളും ഉദാഹരണങ്ങളും യുക്തിയും സഹിതം വ്യക്തമാക്കിയിട്ടുണ്ട്.
- ആശയം സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ട്.

ബി. ചോതി 1

5. **വിശകലനക്കുറിപ്പ്** 5

- ആശയം സൂക്ഷ്മമായി വിശകലനം ചെയ്ത് അവതരിപ്പിച്ചിട്ടുണ്ട്. (2)
- സ്വന്തം നിലപാട് യുക്തി സഹിതം സമർഥിച്ചിട്ടുണ്ട്. (1)
- അനുയോജ്യമായ ഭാഷയിൽ (പദങ്ങളുടെ ഔചിത്യം, പ്രയോഗഭംഗി, പ്രതിപാദനരീതി...) എഴുതിയിട്ടുണ്ട്. (1)
- ആശയം ക്രമപ്പെടുത്തി എഴുതിയിട്ടുണ്ട്. (1)